പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 452 06.02.2013 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

ചോദ്യം

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
" സി. മമ്മൂട്ടി
" പി. ബി. അബ്ദുൾ റസാക്
" എം. ഉമ്മർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ വൻകിട ഉപയോക്താവായി കണക്കാക്കി ഡീസൽ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കിയതുമൂലം ഉണ്ടായ ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | താൽക്കാലികമായി രണ്ടുമാസത്തെ ഇന്ധന വിലവർദ്ധനവ് മൂലമുള്ള അധിക ചെലവായ 28 കോടി രൂപ സർക്കാർ കെ. എസ്.ആർ.ടി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നും സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസുകളിൽ ഇന്ധനം നിറയ്ക്കുന്നതിലെ പ്രായോഗികത പരിശോധിച്ച് മന്ത്രിസഭ മുൻപാകെ ശുപാർശകൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ദീർഘകാല പ്രവർത്തനം ലക്ഷ്യമിട്ട് ലാഭകരമായ മറ്റ് ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (ബി) | CNG ഇന്ധനമായി ഉപയോഗിക്കുന്നതിന് പരിഗണിച്ചിട്ടുണ്ട്. എന്നാൽ ഈ ഇന്ധനം കേരളത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| (സി) | കെടുകാര്യസ്ഥത, അധികച്ചെലവ്, കാര്യക്ഷമതാകുറവ് എന്നിവമൂലം നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനും നടത്തിപ്പിൽ ആധുനികവത്കരണം നടപ്പാക്കുന്നതിനും സാങ്കേതിക മാനേജ്മെന്റ് വിദഗ്ധരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ച് പഠനം നടത്തുമോ ? | (സി) | കെ.എസ്.ആർ.ടി.സി. യിൽ നഷ്ടത്തിന്റെ പ്രധാന കാരണം പെൻഷൻ ബാദ്ധ്യതയും, പെൻഷൻ നൽകാൻ വേണ്ടി മുൻ വർഷങ്ങളിൽ എടുത്ത വായ്പയുടെ തിരിച്ചടവുമാണ്. അടുത്ത കാലത്തായി കെ.എസ്.ആർ.ടി.സി. യിൽ turn around strategy നടപ്പാക്കുന്നതിനായി Chartered Accountant സ്ഥാപനം ആയ M/s Varma & Varma ഒരു സമഗ്രമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ